# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 296 — 28.11.2018-ൽ മറുപടിക്ക്

## നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനം

| ചോദ്യം<br>ശ്രീ.പി.വി.അൻവർ | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വിഭാഗം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ.ഉ.(കൈ) നം.58/2017/ആ.കു.വ. തീയതി 22/04/2017 പ്രകാരം 17 ജില്ലാ /ജനറൽ ആശുപത്രികളെ ജില്ലാതല ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. അപ്രകാരം ഒരു ജില്ലയിൽ ഒരു ജനറൽ ആശുപത്രി / ജില്ലാ ആശുപത്രിയിൽ ഈ സേവനം ലഭ്യമാക്കുന്നതാണ്.<br><br>കിഫ്ബി ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ കാത്ത് ലാബ് തുടങ്ങുവാൻ തീരുമാനം ഉണ്ടായിട്ടുണ്ട്. കെ.എം.എസ്.സി.എല്ലിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി തീരുമാനിച്ച്, കെ.എം.എസ്.സി.എൽ മുഖേനയാണ് നടപടികൾ എടുത്ത് വരുന്നത്.<br>1) ജനറൽ ആശുപത്രി, പത്തനംതിട്ട<br>2) ജില്ലാ ആശുപത്രി, കൊല്ലം<br>3) ജനറൽ ആശുപത്രി, മഞ്ചേരി<br>4) ജനറൽ ആശുപത്രി, തൃശ്ശൂർ<br>5) ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി<br>6) ജനറൽ ആശുപത്രി, ആലപ്പുഴ<br>7) ജില്ലാ ആശുപത്രി,കാഞ്ഞങ്ങാട്<br>8) ജില്ലാ ആശുപത്രി, കണ്ണൂർ<br><br>ഇവ കൂടാതെ ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മാനന്തവാടി എന്നീ ആശുപത്രികളിലും കാത്ത് ലാബ് തുടങ്ങുവാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇവ പ്രാരംഭ ഘട്ടത്തിലാണ്. ഇടുക്കി ജില്ലയിൽ അടിമാലി താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി ഐ.സി.യു തുടങ്ങുവാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. ഇതിൽ ജനറൽ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി, പത്തനംതിട്ട, ജനറൽ ആശുപത്രി മഞ്ചേരി എന്നീ സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിനുള്ളിൽ കാത്ത് ലാബ് പ്രവർത്തന |

| | | | |
|---|---|---|---|
| | | | സജ്ജമാകും. എറണാകുളം, പാലക്കാട് ജില്ലകളിൽ കാർഡിയോളജി വിഭാഗവും, കാത്ത് ലാബും പ്രവർത്തന സജ്ജമാണ്.<br><br>ജില്ലാ ആശുപത്രി പാലക്കാടിനും, ജില്ലാ ആശുപത്രി എറണാകുളത്തിനും 2 വീതം കാർഡിയോളജി തസ്തികകളും ജില്ലാ ആശുപത്രി-പാലക്കാട്, ജനറൽ ആശുപത്രി - തിരുവനന്തപുരം എന്നിവിടങ്ങളിൽ കാത് ലാബിന്റെ പ്രവർത്തങ്ങൾക്ക് വേണ്ടി 2 വീതം അസിസ്റ്റന്റ് സർജൻ തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. കൂടാതെ ജില്ലാ ശുപത്രി - എറണാകുളം , ജനറൽ ആശുപത്രി -പാലക്കാട്, ജനറൽ ആശുപത്രി - തിരുവനന്തപുരം -ന് വേണ്ടി കാത് ലാബ് ടെക്നീഷ്യന്റെ 2 വീതം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപെട്ട കാർഡിയോളജി വിഭാഗവും കാത്ത് ലാബ് സൗകര്യങ്ങളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ ജില്ലാതല ആശുപത്രികളിലാണ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് നം.സ.ഉ.(കൈ) 58/2017/ആ.കു.വ തീയതി 22/04/2017 അനുസരിച്ച് മലപ്പുറം ജില്ലയിൽ നിന്ന് ജില്ലാ ആശുപത്രി-തിരൂർ ആണ് ജില്ലാ തല ആശുപത്രിയായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താലൂക്ക്തല ആശുപത്രികളിൽ കാർഡിയോളജി വിഭാഗവും കാത്ത് ലാബും തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നിലമ്പൂർ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി പദ്ധതി സമർപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചാൽ അക്കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**